**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ധാരാളം ഇലക്ട്രോണിക് ഉപകരണങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), എസ്.എസ്.കെ. ഉൾപ്പെടെ വിവിധ ഏജൻസികൾ, എം.പി/ എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ ലഭ്യമാക്കുന്നുണ്ട്. കൈറ്റ് മുഖേന പൊതുവിദ്യാലയങ്ങൾക്ക് നൽകിയ എല്ലാ ഉപകരണങ്ങളുടെയും ഗുണമേന്മ ഉറപ്പു വരുത്തിയിട്ടുണ്ട്. വിവിധ ഏജൻസികൾ, എം.പി/ എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ ഏജൻസികളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | ഗുണമേന്മ ഇല്ലാത്തതു കാരണം പ്രസ്തുത ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഭൂരിഭാഗവും പ്രവർത്തന രഹിതമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പ്രസ്തുത ഉപകരണങ്ങൾ ടെൻഡർ പ്രകാരമാണോ വാങ്ങിയത് എന്നും സ്റ്റോർസ് പർച്ചേസ് മാന്വൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ? | (സി) | സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾ പൂർണ്ണമായും പാലിച്ചു കൊണ്ട് ദേശീയ തലത്തിൽ പരസ്യം നൽകി ഇ-ടെൻഡറിംഗിലൂടെയാണ് കൈറ്റ് ഉപകരണങ്ങൾ വാങ്ങിയത്. വിവിധ ഏജൻസികൾ, എം.പി/എം.എൽ.എ. ആസ്തി വികസന ഫണ്ട്, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ |

| | | | |
|---|---|---|---|
| | | | ഏജൻസികളിലൂടെ പ്രാദേശികമായി ലഭ്യമാക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ